"ഭരണഭാഷ - മാതൃഭാഷ"

നം:-M4/11678/2024/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 07-06-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -പേവിഷബാധ പ്രതിരോധ പ്രവർത്തനം- സംബന്ധിച്ച്

സൂചന :- 6/6/2024 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയ ഓൺലൈൻ മീറ്റിംഗ്

*****

സമൂഹം നേരിടുന്ന ഒരു പ്രധാന ആരോഗ്യ സുരക്ഷ വെല്ലുവിളിയാണ് പേവിഷബാധ അഥവാ റാബിസ്. നായകളിൽ നിന്നോ, പേവിഷബാധ പടർത്തുവാൻ സാദ്ധ്യതയുള്ള മറ്റു മൃഗങ്ങളിൽ നിന്നോ ഈ രോഗം മനുഷ്യരിലേക്ക് പകരാം. കുട്ടികൾക്ക് നായകളുടെ കടി, പോറൽ, മാന്തൽ, ഉമിനീരുമായി സമ്പർക്കം എന്നിവയുണ്ടാകുമ്പോൾ വിവിധ കാരണങ്ങൾകൊണ്ട് നിർദിഷ്ട പ്രഥമശുശ്രൂഷയും പ്രതിരോധകുത്തിവയ്പുകളും യഥാസമയം ലഭിക്കാത്തത് മരണകാരണമാകുന്നു.

സ്കൂളുകളിലും പൊതു നിരത്തുകളിലും കുട്ടികളെ നായകളിൽ നിന്നും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നായകളുടെ കടി, പോറൽ, മാന്തൽ, ഉമിനീരുമായി സമ്പർക്കം എന്നിവയുണ്ടാകുമ്പോൾ ഉടൻ തന്നെ നൽകേണ്ട പ്രഥമ ശുശ്രൂഷയും പ്രതിരോധ കുത്തിവെപ്പുകളും നൽകേണ്ടതുണ്ട്. ഇതിനായി കുട്ടികളിലും അധ്യാപകരിലും രക്ഷിതാക്കൾക്കിടയിലും പേവിഷബാധയെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും അവബോധം ആവശ്യമാണ് . കൂടാതെ വീടുകളിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും പ്രതിരോധകുത്തിവയ്പുകളും ശ്രദ്ധിക്കേണ്ടതുണ്ട്. പേവിഷബാധയുമായി ബന്ധപെട്ടു വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കും ബോധവൽക്കരണത്തിനും താഴെ പറയുന്ന നടപടികൾ സ്വീകരിക്കണമെന്നു അറിയിക്കുന്നു.

- സ്കൂൾ കോമ്പൗണ്ടിൽ തെരുവുനായകൾ പെരുകാനും അവ തങ്ങുന്നത് തടയാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. അതിനായി സ്കൂളും പരിസരവും ശുചീകരിക്കുക, ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്കരിക്കുക
- മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യ രോഗമാണ് പേവിഷബാധ. പേവിഷബാധ മാരകമാണ്. നായ്ക്കളാണ് പ്രധാന രോഗവാഹികൾ. എന്നാൽ പൂച്ച, കുറുക്കൻ, അണ്ണാൻ, തുടങ്ങിയവയും രോഗവാഹകരിൽ പെടുന്നു എന്ന് വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.
- രോഗം ബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ കാണുന്ന പേവിഷബാധയുടെ വൈറസുകൾ മൃഗങ്ങളുടെ കടി, മാന്തൽ , പോറൽ എന്നിവയിലൂടെ ശരീരത്തിലെത്തി സുഷുമ്നനാഡിയേയും തലച്ചോറിനെയും ബാധിക്കുന്നു എന്ന അറിവ് വിദ്യാർത്ഥികൾക്ക് നൽകുക.
- മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ എന്നിവയിലൂടെ ശരീരത്തിൽ മുറിവ് സംഭവിച്ചാൽ രക്ഷിതാക്കളെയോ അദ്ധ്യപകരെയോ ഉടനടി വിവരം അറിയിക്കാൻ ആവശ്യപ്പെടുക.

<u>പ്രതിരോധം</u>

- പേവിഷബാധ അതീവ മാരകമായ രോഗമായതിനാൽ രോഗ പ്രതിരോധത്തെ കുറിച്ചും , കടിയേറ്റാൽ ഉടൻ സ്വീകരിക്കേണ്ട പ്രഥമ ശുശ്രൂഷയെ കുറിച്ചും , റാബീസ് വാക്സിനേഷനെ കുറിച്ചുമുള്ള അറിവ് രോഗപ്രതിരോധത്തിൽ അത്യന്തം പ്രധാന്യമർഹിക്കുന്നു.
- സോപ്പ് ഉപയോഗിച്ച് കടിയേറ്റ ഭാഗം 15 മിനിട്ട് ഒഴുകുന്ന വെള്ളത്തിൽ നന്നായി കഴുകുക. പൈപ്പിൽ നിന്ന് വെള്ളം തുറന്ന് വിട്ട് കഴുകുന്നതാണ് ഉത്തമം. മുറിവ് വൃത്തിയാക്കുന്ന വ്യക്തി നിർബന്ധമായും കൈയുറ ധരിച്ചിരിക്കണം. സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന പ്രഥമ ശുശ്രൂഷ കിറ്റിൽ കൈയുറ നിർബന്ധമായും കരുതിയിരിക്കണം. ഇങ്ങനെ സോപ്പുപയോഗിച്ച് കഴുകിയാൽ 70 ശതമാനം അണുക്കളും ഇല്ലാതാകുന്നു.
- കടിയേറ്റ ഭാഗത്ത് ഉപ്പ്, മഞ്ഞൾ പോലെയുള്ള മറ്റുപദാർത്ഥങ്ങൾ ഒരു കാരണവശാലും പുരട്ടരുത്.
- കഴുകി വൃത്തിയാക്കിയ ശേഷം ബീറ്റാഡിൻ , അയഡിൻ സൊല്യൂഷൻ എന്നിങ്ങനെയുള്ള ഏതെങ്കിലും അണുനാശിനികൾ ലഭ്യമാണെങ്കിൽ അതുപയോഗിച്ചും മുറിവ് വൃത്തിയാക്കാം.
- മുറിവ് അമർത്തി കഴുകുകയോ മുറിവ് കെട്ടി വയ്ക്കുകയോ ചെയ്യരുത്.
- കുട്ടികളുടെ വീടുകളിൽ വളർത്തുമൃഗങ്ങളുണ്ടെങ്കിൽ അവയിൽ നിന്നുള്ള സംരക്ഷണവും പരമപ്രധാനമാണ്.
- വളർത്തു മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നത് രോഗ പ്രതിരോധത്തിൽ പ്രധാനമാണ്. നായ, പൂച്ച തുടങ്ങിയ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കേണ്ടതാണെന്ന് രക്ഷിതാക്കൾക്ക് വിവരം നൽകുക.
- പേവിഷബാധക്ക് ഫലപ്രദമായ ചികിത്സ ഇല്ലാത്തതിനാൽ കടിയോ മാന്തലോ, പോറലോ ,ഉമിനീരുമായി സമ്പർക്കമോ ഏറ്റാൽ കുത്തിവെപ്പ് എടുക്കേണ്ടത് അനിവാര്യമാണ്. പേവിഷബാധയ്ക്കെതിരെ തൊലിപ്പുറത്ത് എടുക്കുന്ന കുത്തിവെപ്പ് (IDRV) ആണ് നല്കുന്നത്.
- 0, 3, 7 & 28 ദിവസങ്ങളിൽ ആണ് IDRV എടുക്കേണ്ടത്. ഐ.ഡി.ആർ.വി. എല്ലാ സർക്കാർ സാമൂഹികരോഗ്യ കേന്ദ്രങ്ങളിലും , താലൂക്ക് , ജനറൽ, ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമായി ലഭ്യമാണ്.
- മുറിവിന്റെ സ്വഭാവമനുസരിച്ച് ഇമ്യൂണോഗ്ലോബുലിൻ കുത്തിവെപ്പ് നല്കാറുണ്ട്. കടിയേറ്റ് എത്രയും വേഗം ഇമ്യൂണോഗ്ലോബുലിൻ എടുക്കണം. ഇമ്യൂണോ ഗ്ലോബുലിൻ എല്ലാ ജില്ലയിലും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്
- ഡോക്ടർ നിർദേശിക്കുന്ന ദിവസങ്ങളിൽ തന്നെ പ്രതിരോധ കുത്തിവെപ്പുകൾ നിർബന്ധമായും എടുക്കണം. ആദ്യ മൂന്ന് ഡോസുകൾ സമ്പർക്കം ഉണ്ടായി പത്ത് ദിവസത്തിനുള്ളിൽ തന്നെ എടുത്താൽ മാത്രമേ പൂർണ്ണ പ്രതിരോധശേഷി കൈവരികയുള്ളു.
- പൂർണമായ വാക്സിൻ ഷെഡ്യൂൾ എടുത്ത ആളുകൾക്ക് വാക്സിൻ ഷെഡ്യൂൾ പൂർത്തിയായി മൂന്ന് മാസത്തിനുള്ളിലാണ് സമ്പർക്കം ഉണ്ടാകുന്നതെങ്കിൽ വാക്സിൻ വീണ്ടും എടുക്കേണ്ടതില്ല. മൂന്ന് മാസം കഴിഞ്ഞാണ് എങ്കിൽ, രണ്ട് ഡോസ് വാക്സിൻ എടുക്കണം. വാക്സിൻ ഷെഡ്യൂൾ പൂർത്തീകരിച്ചവർക്ക് പിന്നീട് ഇമ്മ്യൂണോ ഗ്ലോബുലിൻ എടുക്കേണ്ട ആവശ്യമില്ല.
- മൃഗങ്ങളെ തൊടുക, ഭക്ഷണം കൊടുക്കുക, മുറിവുകൾ ഇല്ലാത്ത തൊലിപ്പുറത്ത് നക്കുക. ഇവയ്ക്ക് കുത്തിവെപ്പ് നല്കേണ്ടതില്ല. സോപ്പും ധാരാളം വെള്ളവുമുപയോഗിച്ച് കഴുകുക.
- രക്തം പൊടിഞ്ഞ മുറിവുകൾ, മുറിവുള്ള തൊലിപ്പുറത്തെ നക്കൽ, ചുണ്ടിലോ വായിലോ നക്കൽ, വന്യമൃഗങ്ങളുടെ കടി ഇവയ്ക്ക് ഇൻ ഡെർമൽ റാബിസ് വാക്സിനേഷൻ (ഐ ഡി ആർ വി),

പ്രതിരോധ കുത്തിവെയ്പ്പ് കൂടാതെ ആന്റി റാബിസ് ഇമ്മ്യൂണോ ഗ്ലോബുലിനും കൂടി ( ആർ ഐ ജി) 2 എടുക്കണം.

**ബോധവൽക്കരണം**

- നായകളോ മറ്റേതെങ്കിലും മൃഗങ്ങളോ കടിച്ചാലും മുറിവ് സാരമുള്ളതല്ലെങ്കിൽ കൂടി നിസ്സാരമായി കാണരുത്.
- നായ്ക്കൾ മനുഷ്യരുമായി വളരെ ഇണങ്ങി ജീവിക്കുമെങ്കിലും, അവയെ ഭയപ്പെടുത്തുകയോ, ദേഷ്യപ്പെടുത്തുകയോ ചെയ്താൽ കടിക്കാൻ സാധ്യത കൂടുതലാണ്. പ്രത്യേകിച്ച് മൃഗങ്ങൾ ഭക്ഷണം കഴിക്കുക, കൂടിനുള്ളിൽ അടയ്ക്കപ്പെടുക, ഉറങ്ങുക, രോഗാവസ്ഥയിലാകുക, കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുക എന്നീ സന്ദർഭങ്ങളിൽ ശല്യപ്പെടുത്തുന്നത് അക്രമണ സ്വഭാവം കൂട്ടാനിടയാകും. ഇത്തരം സന്ദർഭങ്ങളിൽ മൃഗങ്ങളിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കേണ്ടതാണെന്ന് നിർദ്ദേശം കുട്ടികൾക്ക് നൽകുക.
- വീടുകളിൽ വളർത്തു മൃഗങ്ങൾക്ക് പ്രതിരോധകുത്തിവെപ്പ് നല്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ബോധവൽക്കരണം നൽകുക . തെരുവുനായ്ക്കളിൽ നിന്നു മാത്രമല്ല വളർത്തുമൃഗങ്ങളിൽ നിന്നും പേവിഷബാധയുണ്ടാകാമെന്നും ഒരു മാസം പ്രായമായ നായക്കുട്ടികളിൽ നിന്നും വരെ പേവിഷബാധ ഉണ്ടായി മരണം സംഭവിക്കും എന്ന അറിവ് കുട്ടികൾക്ക് നൽകുക.
- പൂച്ചകളിൽ നിന്നും മറ്റ് മൃഗങ്ങളിൽ നിന്നും കുട്ടികൾക്ക് കടിയോ മാന്തലോ ഏല്ക്കാറുണ്ട്. ഇത്തരത്തിൽ കടിയോ മാന്തലോ ഏൽക്കുന്നത് രോഗബാധയുണ്ടാക്കുമെന്നതിനാൽ അതീവ ശ്രദ്ധ പുലർത്തണമെന്ന് കുട്ടികൾക്ക് അറിവ് നൽകുക .
- മൃഗങ്ങളെ പരിപാലിച്ച ശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതും, മാന്തലോ , പോറലോ, മുറിവോ ഉണ്ടായാൽ ഉടൻ പ്രഥമ ശുശ്രൂഷ ചെയ്യേണ്ടതും, ഉടൻ തന്നെ ഡോക്ടറെ കണ്ട് കാറ്റഗറി നിർണ്ണയിച്ച ശേഷം പ്രതിരോധ കുത്തിവെയ്പ്പ് എടുക്കണം.
- കുത്തിവെപ്പ് എടുക്കുമ്പോൾ ലഭിക്കുന്ന രേഖകളോ വാക്സിൻ കാർഡോ സൂക്ഷിച്ചു വെക്കേണ്ടതാണെന്നുള്ള വിവരം ഓർമ്മപ്പെടുത്തുക.

പേവിഷബാധ ഏൽക്കാതെ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് **2024 ജൂൺ 13ന്** സ്കൂളുകളിൽ സ്പെഷ്യൽ അസംബ്ലി നടത്തേണ്ടതും കൃത്യമായ നിർദ്ദേശങ്ങൾ കൈമാറേണ്ടതുമാണ് .

സ്പെഷ്യൽ അസംബ്ലി എല്ലാ സ്കൂളുകളും നടത്തി എന്നത് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉറപ്പുവരുത്തേണ്ടതാണ് .

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കന്ററി)
3. എല്ലാ എ.ഡി മാർക്കും (വി എച്ച് എസ് ഇ)
4. എല്ലാ ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും

6. എല്ലാ പ്രഥമാദ്ധ്യാപകർക്കും( ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
7. CBSE, ICSE റീജിയണൽ ഓഫീസർമാർക്കും

പകർപ്പ്:

കരുതൽ ഫയൽ